(സി) ദൈമാസ ബില്ലിംഗിന്റെ ഭാഗമായി കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഒബ്സർവേഷൻ റീഡിംഗ് സമ്പ്രദായം. അതിനാൽ ജല അതോറിറ്റി ജീവനക്കാർക്ക് ഇതുമായി നേരിട്ട് ബന്ധമില്ല. കൂടാതെ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിൽ ഒബ്സർവേഷൻ റീഡിംഗ് ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ഒബ്സർവേഷൻ റീഡിംഗ് പ്രകാരം അധിക തുക അടച്ചിട്ടുണ്ടെങ്കിൽ പുതിയ റീഡിംഗ് പ്രകാരം ബില്ല് തയ്യാറാക്കുമ്പോൾ സ്വമേധയാ പ്രതിമാസ തുകയിൽ കുറവു വരികയും അടച്ച തുക അധിക തുകയായി വരവ് വച്ച് ഇളവ് നൽകുകയും ചെയ്യുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ വാട്ടർ ടാക്സ് ഇനത്തിൽ അടയ്ക്കേണ്ടുന്ന സംഖ്യ

59 [1777] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ വാട്ടർ ടാക്സ് ഇനത്തിൽ അടയ്ക്കേണ്ടുന്ന സംഖ്യ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടുന്ന ഗ്രാന്റിൽ നിന്നും വസൂലാക്കുന്ന കാര്യം ശ്രദ്ധയിലിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്തുകൾ യഥാർത്ഥത്തിൽ അടയ്ക്കേണ്ടുന്ന സംഖ്യയേക്കാൾ കൂടുതൽ സംഖ്യ ഗ്രാന്റിൽ നിന്നും ഈടാക്കുന്നുണ്ടെന്ന പരാതി ഏതെങ്കിലും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പേരാമ്പ്ര മണ്ഡലത്തിലുള്ള ഏതെങ്കിലും പഞ്ചായത്തിൽ നിന്നും അത്തരം പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകൾ യഥാർത്ഥത്തിൽ അടയ്ക്കേണ്ടുന്ന സംഖ്യയും ഗ്രാന്റിനത്തിൽ നിന്നും വസൂലാക്കിയ സംഖ്യയും എത്രയാണെന്ന് വിശദമാക്കാമോ ;

(ഇ) അധികമായി വസൂലാക്കിയ സംഖ്യ പഞ്ചായത്തുകൾക്ക് എപ്പോൾ തിരിച്ച് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ പഞ്ചായത്തുകൾക്ക് പാദവർഷത്തിൽ ലഭിക്കേണ്ട വിഹിതത്തിന്റെ 25% കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഐ. ജി. രജിസ്ട്രേഷൻ മുഖേന 2003-2004 സാമ്പത്തിക വർഷം വരെ വസൂലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പേരാമ്പ്ര മണ്ഡലത്തിലെ അരിക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

പഞ്ചായത്ത്	മാസം തോറും അടയ്ക്കേണ്ട തുക	യഥാർത്ഥത്തിൽ അടയ്ക്കേണ്ടതുക 31-1-2005 വരെ	ഗ്രാന്റിനത്തിൽ അധികമായി വസൂലാക്കിയത്
ചക്കിട്ടപാറ	24,938	10,23,328	ഇല്ല
ചങ്ങരോത്ത്	ഇല്ല	ഇല്ല	3,81,582
കുത്താളി	730	ഇല്ല	ഇല്ല
കായണ്ണ	10,938	2,19,445	ഇല്ല
നെച്ചാട്	4,521	ഇല്ല	4,30,699
പേരാമ്പ്ര	13,125	ഇല്ല	1,37,399
അരിക്കുളം	4,229	ഇല്ല	8,45,085
കൊട്ടൂർ	5,105	ഇല്ല	4,90,074

(ഇ) അധികമായി ലഭിച്ച തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ രേഖാമൂലം ആവശ്യപ്പെടുന്നതനുസരിച്ച് കാലതാമസം കൂടാതെ തിരിച്ച് നൽകുന്നതാണ്.

വെള്ളക്കര കുടിശ്ശിക

60 [1778] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് സംസ്ഥാനത്തെ വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പതിനായിരക്കണക്കിനുമേൽ രൂപ കുടിശ്ശികയായിട്ടുള്ള എത്ര സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്; ഇവരിൽ നിന്നും ആകെ എത്ര തുകയാണ് വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ളത്;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 31-12-2004 വരെയുള്ള കണക്കുപ്രകാരം 91 കോടി രൂപയോളം പിരിഞ്ഞു കിട്ടുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly